REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 24-12-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ എട്ട് മാസത്തിനകം സ്മാർട്ട് ഫോണുകളുടെ കയറ്റുമതി മൂല്യം ഒരു ലക്ഷം കോടി രൂപ കടന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്**
- **വിഖ്യാത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗലിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങി പ്രമുഖർ അനുശോചിച്ചു.**
- **ഇന്ന് ദേശീയ ഉപഭോക്തൃ ദിനം.**
- **ശബരിമല തങ്കഅങ്കി രഥഘോഷയാത്ര മൂന്നാം ദിവസവും പ്രയാണം തുടരുന്നു.**
- **ICC വനിതാ ഏകദിന ക്രിക്കറ്റിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും.**

## വാർത്തകൾ വിശദമായി

നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ എട്ട് മാസത്തിനകം സ്മാർട്ട് ഫോണുകളുടെ കയറ്റുമതി മൂല്യം ഒരു ലക്ഷം കോടി രൂപ കടന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. രാജ്യത്തെ സ്മാർട്ട് ഫോൺ കയറ്റുമതി കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 45 ശതമാനം വളർച്ച നേടിയതായും അദ്ദേഹം സാമൂഹ്യമാധ്യമ പോസ്റ്റിൽ അറിയിച്ചു. നടപ്പു സമ്പത്തിക വർഷം സ്മാർട്ട് ഫോണുകളുടെ കയറ്റുമതി ഒരു ലക്ഷത്തി 70,000 കോടി രൂപയായി ഉയർത്താനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. സ്മാർട്ട് ഫോൺ മേഖലയിലെ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് പദ്ധതി മൂന്ന് ലക്ഷത്തിലധികം പേർക്ക് നേരിട്ടും ആറ് ലക്ഷത്തോളം പേർക്ക്

പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

✪✪✪

വിഖ്യാത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗലിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങി പ്രമുഖർ അനുശോചിച്ചു. ഇന്നലെ വൈകിട്ട് മുംബൈയിലായിരുന്നു 90-കാരനായ ബെനഗലിന്റെ അന്ത്യം.

രാജ്യത്ത് സമാന്തരസിനിമയ്ക്ക് വഴി കാട്ടിയ സംവിധായകനായിരുന്നു ബെനഗൽ. സമൂഹത്തിന്റെ നേർചിത്രങ്ങൾ സിനിമയിലൂടെ വരച്ചുകാട്ടിയ അദ്ദേഹത്തെ 1976-ൽ രാജ്യം പത്മശ്രീയും 1991 ൽ പത്മഭൂഷണും നൽകി ആദരിച്ചു. 18 ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

അങ്കുർ, നിശാന്ത്, മൻഥൻ, ഭൂമിക, മമ്മോ, സുബൈദ, സർദാരി ബീഗം തുടങ്ങിയവയാണ് പ്രധാന ചിത്രങ്ങൾ. ചലച്ചിത്ര മേഖലയിലെ സമഗ്രസംഭാവനയ്ക്ക് 2005 ൽ ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ലഭിച്ചു. 2006 മുതൽ 2012 വരെ രാജ്യസഭാംഗമായിരുന്നു.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ ചുവടുപിടിച്ച് രാജ്യത്തെ മറ്റ് തീരദേശ നഗരങ്ങളിൽ വാട്ടർ മെട്രോ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമെന്ന് കേന്ദ്രമന്ത്രി മനോഹർലാൽ ഖട്ടർ പറഞ്ഞു. കൊച്ചിയിൽ വാട്ടർ മെട്രോയിൽ സഞ്ചരിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

35 ലക്ഷത്തോളം പേർ ഇതിനകം വാട്ടർ മെട്രോ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ട്രെയിനുകളുടെ കാര്യത്തിൽ ഡൽഹിയിലെ പോലെ RRTS മാതൃകയാണ് കേരളത്തിന് യോജിച്ചതെന്നും, ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മനോഹർലാൽ ഖട്ടർ അറിയിച്ചു.

✪✪✪

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന നിയമത്തിന് 1986 ഡിസംബർ 24 നാണ് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. അന്നു മുതൽ ഈ ദിനം ദേശീയ ഉപഭോക്തൃ ദിനമായി ആചരിച്ചുവരികയാണ്. ന്യൂഡൽഹിയിൽ ഈ വർഷത്തെ ദിനാചരണ പരിപാടികളിൽ കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി അധ്യക്ഷനായിരിക്കും.

✪✪✪

വിരമിച്ച സുപ്രീംകോടതി ജഡ്ജി, ജസ്റ്റിസ് V രാമസുബ്രഹ്മണ്യനെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി നിയമിച്ചു. പ്രിയങ്ക് കനൂംഗോ, ഡോ. ജസ്റ്റിസ് ബിദ്യുത് രഞ്ജൻ സാരംഗി എന്നിവരെ കമ്മീഷനംഗങ്ങളായും രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു.

✪✪✪

ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന ISRO യുടെ സ്പാഡെക്സ് മിഷൻ ഈ മാസം 30 ന് വിക്ഷേപിക്കും. PSLV C-60 വിക്ഷേപണ വാഹനമാണ് ഉപഗ്രഹങ്ങളെ വഹിക്കുന്നത്. 30 ന് രാത്രി 9.58 ന് ശ്രീഹരിക്കോട്ടയിലെ സതീഷ്ധവാൻ ബഹിരാകാശ കേന്ദ്ര ത്തിൽ നിന്നാണ് വിക്ഷേപണം.

✪✪✪

ആറ് ദിവസത്തെ സന്ദർശനത്തിന് വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ഇന്ന് അമേരിക്കയിലേക്ക് പോകും. സന്ദർശന വേളയിൽ, പ്രധാന, ഉഭയകക്ഷി - പ്രാദേശിക - ആഗോള പ്രശ്നങ്ങൾ US നേതൃത്വവുമായി അദ്ദേഹം ചർച്ച ചെയ്യും. US-ലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ കോൺഫറൻസിലും ഡോ. ജയശങ്കർ പങ്കെടുക്കും.

✪✪✪

അന്താരാഷ്ട്ര സമുദ്രാതിർത്തി രേഖ ലംഘിച്ച് കടലിൽ പ്രവേശിച്ചുവെന്നാരോപിച്ച് 16 തമിഴ്നാട് മത്സ്യ ത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന രാവിലെ നെടുന്തീവിന് സമീപം അറസ്റ്റ് ചെയ്തു. മത്സ്യത്തൊഴിലാളി കളുടെ രണ്ട് യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകളും ശ്രീലങ്കൻ നാവികസേന പിടിച്ചെടുത്തു.

അറസ്റ്റിലായ മത്സ്യത്തൊഴിലാളികളെ കൂടുതൽ ചോദ്യം ചെയ്യുന്നതിനായി കാങ്കേശൻ പോർട്ട് നേവി ക്യാമ്പിലേക്ക് കൊണ്ടുപോയി.

✪✪✪

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ലോകമെമ്പാടുമുള്ള കേരളീയർക്ക് ക്രിസ്മസ് ആശംസ നേർന്നു. യേശുദേവന്റെ ജനനത്തെ സ്തുതിക്കുന്ന ക്രിസ്മസ്, സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ക്ഷമയുടെയും ദൈവികസന്ദേശം ഉൾക്കൊള്ളാനുള്ള ഓർമ്മപ്പെടുത്തലാണെന്ന് ഗവർണർ സന്ദേശത്തിൽ പറഞ്ഞു.

സാമൂഹിക ഐക്യം ദൃഢപ്പെടുത്തി കൂടുതൽ സൗഹാർദ്ദപരവും അനുകമ്പയാർന്നതുമായ സമൂഹം കെട്ടിപ്പടുക്കാൻ ക്രിസ്മസ് പ്രചോദനമേകട്ടെയെന്നും ഗവർണർ ആശംസയിൽ പറഞ്ഞു.

✪✪✪

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായ യേശുവിന്റെ ജനനദിവസം ആഘോഷിക്കുന്നത് ലോകത്തിന് ശാന്തിയും സമാധാനവും ആശംസിച്ചുകൊണ്ടാണെന്ന് സ്പീക്കർ AN ഷംസീർ ക്രിസ്മസ് സന്ദേശത്തിൽ പറഞ്ഞു.

ഇതര സമൂഹ വിഭാഗങ്ങളെ ഉൾക്കൊള്ളാനാകാത്ത അസഹിഷ്ണുതകൾ രൂക്ഷമാകുന്ന കാലത്ത് ക്രിസ്മസിന്റെ സന്ദേശം ശരിയായി ഉൾക്കൊണ്ട് മനുഷ്യസ്നേഹികളാകാൻ എല്ലാവർക്കും കഴിയട്ടെയന്ന് അദ്ദേഹം ആശംസിച്ചു.

✪✪✪

മലപ്പുറം ജില്ലയിലെ മൂർക്കനാട്ട് മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. 131 കോടിയിൽപ്പരം രൂപ ചിലവിലാണ് ഫാക്ടറി നിർമ്മിച്ചത്.

കേരളത്തിലെ ഏറ്റവും വലുതും അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതുമായ പാൽപ്പൊടി നിർമ്മാണ ഫാക്ടറിയാണിത്.

✪✪✪

മുനമ്പത്ത് നടക്കുന്ന സമരവുമായി ബന്ധപ്പെട്ട് സമരസമിതി നേതാക്കളും, കോട്ടപ്പുറം രൂപതയിലെ വൈദികരും മുനമ്പം ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് CN രാമചന്ദ്രൻ നായരെ കൊച്ചിയിൽ സന്ദർശിച്ച് ചർച്ച നടത്തി. ക്രിസ്തുമസ് ദിനത്തിൽ മുനമ്പം സമരത്തിൽ പങ്കെടുക്കുന്നവർ നിരാഹാരം അനുഷ്ഠിക്കുമെന്ന് അറിയിച്ചതിന്റെ കൂടി പശ്ചാത്തലത്തിലാണ് ചർച്ച.

കോട്ടപ്പുറം രൂപതാ മെത്രാൻ അംബ്രോസ് പുത്തൻവീട്ടിൽ, വികാരി ജനറൽ റോക്കി റോബിൻ, മുനമ്പം ഭൂസംരക്ഷണ സമിതി നേതാവ് ബെന്നി എന്നിവരാണ് കമ്മീഷനെ സന്ദർശിച്ചത്.

✪✪✪

കൊച്ചി തൃക്കാക്കര KM കോളേജിൽ NCC ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായ സംഭവത്തിൽ ക്യാമ്പിൽ എത്തി വിദ്യാർഥികളുമായി വാക്ക് തർക്കം ഉണ്ടാക്കിയ ഒരു വനിതാ നേതാവുൾപ്പെടെ മൂന്ന് SFI പ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തു. ഭാഗ്യലക്ഷ്മി,

ആദർശ്, പ്രമോദ് എന്നിവർക്കെതിരെയാണ് കേസ്. കൂടാതെ കണ്ടാൽ തിരിച്ചറിയുന്ന മറ്റ് ഏഴു പേർക്കെതിരെയും കേസെടുത്തിട്ടുണ്ട്.

നിയമവിരുദ്ധമായി സംഘം ചേർന്നതിനും, സംഘർഷാവസ്ഥ സൃഷ്ടിച്ചതിനുമാണ് ഇവർക്കെതിരെ കേസ് എടുത്തത്.

✪✪✪

ആശുപത്രിയിലെ ICU വിലും മറ്റും പ്രവേശിപ്പിക്കപ്പെടുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ആശുപത്രി അധികൃതർ മാന്യമായ സൗകര്യങ്ങൾ ഒരുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജൂനാഥ് ആവശ്യപ്പെട്ടു. കഥാകൃത്ത് ശിഹാബുദീൻ പൊയ്ത്തുംകടവ് സമൂഹമാധ്യമത്തിൽ എഴുതിയ ഒരു കുറിപ്പിൽ സ്വമേധയാ കേസ് രജിസ്റ്റർ ചെയ്താണ് കമ്മീഷന്റെ ഇടപെടൽ.

ആരോഗ്യവകുപ്പു ഡയറക്ടർ ഇക്കാര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും അവ നടപ്പിലാക്കാൻ പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പു ഡയറക്ടർ സ്വീകരിക്കുന്ന നടപടികൾ 30 ദിവസത്തിനകം കമ്മീഷനെ അറിയിക്കണമെന്നും നിർദേശമുണ്ട്.

✪✪✪

ശബരിമല തങ്കഅങ്കി രഥഘോഷയാത്ര മൂന്നാം ദിവസവും പ്രയാണം തുടരുന്നു. അൽപസമയത്തിനകം മലയാലപ്പുഴ എത്തും.

ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി S. ശ്രീധറിന്റെ റിപ്പോർട്ട്.

....(വോയ്സ്).....

മണ്ഡല പൂജയോട് അനുബന്ധിച്ച് തീർത്ഥാടകരുടെ വലിയ തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്. മണ്ഡല മകരവിളക്ക് തീർഥാടനം ആരംഭിച്ച് ഇന്നലെ

വരെ 30,78,049 തീർഥാടകർ ദർശനം നടത്തി. ഇന്നലെ കണക്ക് പ്രകാരം 1,06,621 പേരാണ് ദർശനം നടത്തിയത്. ഇന്നും തിരക്ക് തുടരുകയാണ്. ഇന്ന് സന്നിധാനത്ത് പോലീസിന്റെ വകയായി വൈകിട്ട് ദീപാരധനയ്ക്ക് ശേഷം കർപ്പൂരദീപ ഘോഷയാത്ര നടക്കും. ഇന്ന് നടതുറന്നതുമുതൽ രാവിലെ 11 വരെയുള്ള കണക്കുകൾ പ്രകാരം 44064 തീർഥാടകർ ദർശനം നടത്തി.

1000 പേർ തത്സമയ ബുക്കിംഗിലൂടെയും ദർശനം നടത്തി. കഴിഞ്ഞ ഒരു മണിക്കൂറിൽ 3908 പേർ സന്നിധാനത്തെത്തി. അതേസമയം ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നാരംഭിച്ച തങ്കഅങ്കി രഥഘോഷയാത്ര

പ്രയാണം തുടരുന്നു. ഇന്ന് രാത്രി പെരുനാട് ക്ഷേത്രത്തിൽ രാത്രിവിശ്രമിക്കും. നാളെ ഉച്ചയ്ക്ക് പമ്പയിലെത്തും.വൈകിട്ട് തങ്ക അങ്കി ചാർത്തി അയ്യപ്പന് ദീപാരാധന നടക്കും. മറ്റെന്നാൾ ഉച്ചയ്ക്ക് മണ്ഡല പൂജയും നടക്കും.

✪✪✪

ശബരിമലയിൽ ഈ തീർഥാടനകാലത്ത് തീർഥാടകർക്ക് സന്നിധാനത്തെത്തി ദർശനം നടത്തി സംതൃപ്തിയോടുകൂടി മടങ്ങാൻ സാധിക്കുന്നത് എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലംകൊണ്ടാണെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പി. എസ്. പ്രശാന്ത് പറഞ്ഞു. സന്നിധാനം ദേവസ്വം ഗസ്റ്റ് ഹൗസിൽ നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം

✪✪✪

ICC വനിതാ  ഏകദിന ക്രിക്കറ്റിലെ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്ന് വെസ്റ്റ് ഇൻഡീസിനെ നേരിടും. വഡോദരയിൽ ഉച്ചയ്ക്ക് ഒന്നരയ്ക്ക് മത്സരം തുടങ്ങും. ആദ്യ ഏകദിനത്തിൽ ഇന്ത്യ 211 റൺസിന് വെസ്റ്റ് ഇൻഡീസിനെ തോൽപ്പിച്ചിരുന്നു. സ്മൃതി മന്ദാനയാണ് ഹർമൻ പ്രീത് കൗറിന്റെ അസാന്നിധ്യത്തിൽ ടീമിനെ നയിക്കുന്നത്.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് B-യിലെ അവസാന മത്സരത്തിൽ കേരളം ഇന്ന് തമിഴ്നാടിനെ നേരിടും.  ഉച്ചയ്ക്ക് രണ്ടിന് ഹൈദരാബാദിലാണ് മത്സരം. തുടർച്ചയായ നാല് ജയത്തോടെ ഗ്രൂപ്പിൽ ഒന്നാം സ്ഥാനത്താണ് മുൻ ചാമ്പ്യന്മാരായ കേരളം.

വെള്ളിയാഴ്ച ക്വാർട്ടർ ഫൈനലിൽ കേരളം, ജമ്മു കശ്മീരിനെ നേരിടും.

✪✪✪

2025ലെ ICC അണ്ടർ 19 വനിതാ ടി-20 ലോകകപ്പിന് ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ടീമിനെ നിക്കി പ്രസദ് നയിക്കും. ജനുവരി 18 മുതൽ ഫെബ്രുവരി രണ്ട് വരെ മലേഷ്യയിലാണ് ടൂർണമെന്റ്.

✪✪✪

കാലിക്കറ്റ് സർവകലാശാല ആതിഥ്യം വഹിക്കുന്ന അഖിലേന്ത്യ അഖിലേന്ത്യ അന്തർ സർവകലാശാല പുരുഷ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ നാലാം ദിനത്തിൽ കേരള  കേന്ദ്ര സർവകലാശാലയ്ക്ക് ജയം. ജെപ്പിയാർ യൂണിവേഴ്സിറ്റിയെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് സെൻട്രൽ യൂണിവേഴ്സിറ്റി പരാജയപ്പെടുത്തിയത്.

മറ്റൊരു മത്സരത്തിൽ ഹിന്ദുസ്ഥാൻ NIT ഒന്നിനെതിരെ നാല് ഗോളുകൾക്ക് ചെന്നൈ യൂണിവേഴ്സിറ്റിയെ പരാജയപ്പെടുത്തി.

✪✪✪

വടകര കരിമ്പനപ്പാലത്ത് കാരവനിൽ രണ്ട് പേരെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചു. A.C ഗ്യാസ് ലീക്കായതാകാം മരണ കാരണമെന്നാണ് പോലീസിന്റെ പ്രാഥമിക വിലയിരുത്തൽ.

കണ്ണൂർ സ്വദേശി ജോയൽ, വണ്ടൂർ സ്വദേശി മനോജ് എന്നിവരെയാണ് ഇന്നലെ മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

കൊച്ചി വാത്തുരുത്തിയിൽ ടൂറിസ്റ്റുകളുമായി എത്തിയ ഗോൾഡൻ ചാരിയറ്റ് ട്രെയിൻ ഇടിച്ച് അതിഥി തൊഴിലാളി മരിച്ചു. നിലവിൽ ട്രെയിൻ ഗതാഗതം അധികം ഇല്ലാത്ത വെല്ലിങ്ടൺ ഐലൻഡിലേക്ക് പോകുന്ന ട്രാക്കിൽ ഇരിക്കുകയായിരുന്ന യുപി സ്വദേശി കമലേഷ് ആണ് അപകടത്തിൽ പെട്ടത്.

✪✪✪

കിർത്താഡ്സ് സംഘടിപ്പിക്കുന്ന ‘നെറതിങ്ക -24’ ദേശീയ ഗോത്രമേളയ്ക്ക് വൈകിട്ട് കോഴിക്കോട് ചേവായൂർ കിർത്താഡ്സ് ക്യാമ്പസിൽ തുടക്കമാകും. മന്ത്രി OR.കേളു മേള ഉദ്ഘാടനം ചെയ്യും. വൈകിട്ട് അഞ്ചരക്ക് ചേവായൂരിൽ വിളംബരഘോഷയാത്ര നടക്കും.

ഈ മാസം 30 വരെ നടക്കുന്ന മേളയിൽ കേരളത്തിലെ വിവിധ ജില്ലകളിലെ വ്യത്യസ്ത ഗോത്ര വിഭാഗങ്ങൾക്ക് പുറമെ രാജസ്ഥാൻ, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട്, മധ്യപ്രദേശ് മുതലായ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗോത്ര വിഭാഗങ്ങളിലെ വിദഗ്ധരും പങ്കെടുക്കും. ദേശീയ ഗോത്ര ഭക്ഷ്യമേള, ഗോത്ര വൈദ്യ ചികിത്സാ ക്യാമ്പ്, ദേശീയ ഗോത്ര കലാമേള, കരകൗശല ഉല്പന്ന പ്രദർശനവും വിപണനവും, ഗോത്ര ചിത്രകാരന്മാരുടെ ദേശീയ ചിത്ര പ്രദർശനവും വിൽപ്പനയും, മ്യൂസിയം എക്സിബിഷൻ, ഗോത്ര സാഹിത്യ സംവാദ സദസ് തുടങ്ങിയവയാണ് മേളയിൽ ഒരുക്കിയിട്ടുള്ളത്.

✪✪✪